മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) രാജ്യത്തെ എല്ലാ പോലീസ് സ്റ്റേഷനുകളുടെയും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിച്ചു കൊണ്ട് ആരംഭിക്കേണ്ട ചില കാര്യങ്ങൾ നിർദ്ദേശിച്ചു കൊണ്ട് കേന്ദ്ര ആഭ്യന്തര വകുപ്പു സെക്രട്ടറിയിൽ നിന്നും 30-3-2000-ൽ ഒരു കത്ത് ലഭിക്കുകയുണ്ടായി. പ്രസ്തുത നിർദ്ദേശങ്ങളിൽ എല്ലാ പോലീസ് സ്റ്റേഷനുകളിലും ഒരു ജനസമ്പർക്ക സമിതി (കമ്മ്യൂണിറ്റി ലയ്സൺ ഗ്രൂപ്പ്) ആവശ്യമാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്.

(ബി & സി) ഇത്തരം ജനസമ്പർക്ക സമിതികൾ രൂപീകരിച്ചിട്ടില്ല. പോലീസിന്റെ പ്രവർത്തനങ്ങളെ ജനങ്ങളുമായി കൂടുതൽ ബന്ധപ്പെടുത്തുന്നതിന് വേണ്ടിയുള്ള ജനസമ്പർക്ക സമിതി ഉൾപ്പെടെയുള്ള സമിതികൾ സർക്കാർ പരിഗണിച്ചു വരികയാണ്.

(ഡി) ബാധകമല്ല.

ആധുനിക ഹൃദ്രോഗ ചികിത്സാ സൗകര്യം

9 (*9) ശ്രീ. എം.നാരായണൻ (കുഴൽമന്ദം) :
ശ്രീ. എ. കണാരൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ലഭ്യമാക്കിയിട്ടുള്ള ആധുനിക ഹൃദ്രോഗ ചികിത്സാ സൗകര്യം സമൂഹത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും ലഭ്യമല്ലെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആധുനിക ഹൃദ്രോഗ ചികിത്സാ സൗകര്യം സമൂഹത്തിലെ പാവപ്പെട്ടവർക്കു കൂടി ലഭ്യമാക്കാൻ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഇതിനായി എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്കരിച്ചു നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; പ്രസ്തുത പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) സംസ്ഥാനത്തെ ഏതൊക്കെ ആശുപത്രികളിലാണ് ആധുനിക ഹൃദ്രോഗ ചികിത്സാ സൗകര്യം ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനത്ത കൂടുതൽ ആശുപത്രികളിലേക്ക് പ്രസ്തുത ചികിത്സാ സൗകര്യം വ്യാപിപ്പിക്കാൻ സർക്കാരിന് ഉദ്ദേശമുണ്ടോ ;

(എഫ്) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും സ്പോർട്സും വകുപ്പു മന്ത്രി (ശ്രീ. വി. സി. കബീർ) :

(എ) ഇല്ല.

(ബി & സി) ആധുനിക ഹൃദ്രോഗ ചികിത്സാ സൗകര്യം സമൂഹത്തിലെ പാവപ്പെട്ടവർക്കു കൂടി ലഭ്യമാക്കുന്നതിനു ബൈപാസ് സർജറി, ആൻജിയോഗ്രാം, ആൻജിയോ പ്ലാസ്റ്റി പേസ്മേക്കർ ഘടിപ്പിക്കൽ മുതലായവയ്ക്ക് ധനസഹായം നൽകുന്നതിന് സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റന്റ് 'ടു ദി പുവർ 'എന്നൊരു പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ മെഡിക്കൽ കോളേജ് ആശുപത്രികളിലെ ഹൃദ്രോഗ ചികിത്സാ സൗകര്യവും ഹൃദ്രോഗ തീവ്ര പരിചരണ വിഭാഗവും എക്കോ കാർഡിയോഗ്രാം പരിശോധനയും എല്ലാ വിഭാഗം ജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജാശുപത്രികളിലാണ് ആധുനിക ഹൃദ്രോഗ ചികിത്സാ സൗകര്യങ്ങൾ ഇപ്പോഴുള്ളത്.

(ഇ & എഫ്) മെഡിക്കൽ കോളേജുകൾ ഇല്ലാത്ത ജില്ലകളിലെ ജില്ലാ ആശുപത്രികളിൽ കാർഡിയോളജി, ന്യൂറോളജി, ഗ്യാസ്ട്രോ എന്ററോളജി, നെഫ്റോളജി, ന്യൂറോ സർജറി, പ്ലാസ്റ്റിക് സർജറി എന്നീ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ഘട്ടം ഘട്ടമായി തുടങ്ങുവാൻ ഉദ്ദേശിച്ചതിൽ കൊല്ലം, എറണാകുളം, മലപ്പുറം പാലക്കാട്, കാസർഗോഡ് എന്നീ ജില്ലാ ആശുപത്രികളിൽ ഈ പരിപാടി പ്രയോഗികമാക്കുന്നതിന്റെ ഭാഗമായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ 2000-2001-ൽ തലശ്ശേരി, ജനറൽ ആശുപത്രി, പാലക്കാട് ജില്ലാ ആശുപത്രി, പത്തനംതിട്ട ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ കാർഡിയോളജി യൂണിറ്റുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നു. ഇതിലേക്കായി 45 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

പ്രവാസി സുരക്ഷാ സാമൂഹ്യ ക്ഷേമ പദ്ധതി

10 (*10) ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. പി. രാജു :
ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി സുരക്ഷാ സാമൂഹ്യക്ഷേമ പദ്ധതിയിൽ അംഗങ്ങളായി ഇപ്പോൾ എത്രപേരുണ്ട് ;

(ബി) ഈപദ്ധതി ഉൾപ്പെടുത്തി എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇവർക്ക് നല്കിവരുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതി ആരംഭിച്ചതിനു ശേഷം എത്രപേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; എത്ര കോടി രൂപ ഇതിനായി ചെലവഴിച്ചു;

LIBRARY ARCHIVES Kerala Legislative Assembly